## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 243 30.11.2015-ൽ മറുപടിയ്ക്ക്

### ആർ.എസ്.എസ്. ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പല ഹിന്ദു തീവ്രവാദ സംഘടനകളും തങ്ങളെ എതിർക്കുന്ന എല്ലാവർക്കുമെതിരെ സംഘടിതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിരിക്കുന്നത് സർക്കാരിനറിയാമോ ; | (എ) ഇത്തരത്തിലുള്ള ആക്രമണങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും നേരെ ഈ സംഘടനകൾ വെല്ലുവിളി ഉയർത്തിയ ഒട്ടേറെ സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്തിന്റെ മതനിരപേക്ഷ – ജനാധിപത്യ സാംസ്കാരത്തിന് കളങ്കം ചാർത്തുന്ന നടപടികളിൽ ഏർപ്പെട്ട ഈ സംഘടനകളോടുള്ള സർക്കാർ സമീപനം വെളിപ്പെടുത്താമോ ; | (സി) ബാധകമല്ല. |
| (ഡി) വർഗീയ വിഭജനമുണ്ടാക്കാൻ ഈ സംഘടനകൾ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ തടയാൻ തയ്യാറാകുമോ ? | (ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ